**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **29-08-2022 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരക്ഷിത വനമേഖലകൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റുമുള്ള ജനവാസ മേഖല ഉൾപ്പെടെയുള്ള ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണായി നിശ്ചയിക്കാം എന്ന മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31.10.2019ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നിലവിൽ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് മേൽപ്പറഞ്ഞ ഉത്തരവ് റദ്ദ് ചെയ്തത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 31-10-2019-ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ (കൈ) 29/2019/വനം നമ്പർ ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല. |
| (ബി) | മേൽപ്പറഞ്ഞ ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല എങ്കിൽ ബഫർ സോണിൽ നിന്നും ജനവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ പുതിയ നിലപാട് സുപ്രീം കോടതിയെ ബോധ്യപ്പെടുത്താൻ സാധിക്കുമോ; വിശദാംശം നൽകുമോ? | (ബി) | 31-10-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം, മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടു വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കി. മീ. വരെ (0-1 കി.മീ) ഇക്കോസെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കി. മീ. നിർബന്ധമായും ബഫർസോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രവുമല്ല, കരട് വിജ്ഞാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചാൽ അതിൽ പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ല എന്ന വ്യവസ്ഥയും ഇല്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക എന്നതാണ്. കരട് വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖല സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽ നിന്നും ഒഴിവാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | തീരുമാനമാണ് 28/09/2020-ൽ അന്നത്തെ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗതീരുമാനവും 31-10-2019-ലെ സർക്കാർ ഉത്തരവിന് അകത്തുനിന്നുകൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കി. മീ. എന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ തീരുമാനത്തിന് വിരുദ്ധമോ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടോ ഉള്ളതല്ല. ഈ യോഗ തീരുമാന പ്രകാരം തയ്യാറാക്കിയ ജനവാസമേഖലകളെയും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കി കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാകുന്നതിനുവേണ്ടിയാണ് 27.07.2022-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതും അപ്രകാരം ബഹു. സുപ്രീം കോടതിയിൽ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. ബഹു സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ പെറ്റീഷൻ 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.<br><br>ആയതിനാൽ ഈ വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികളിലൂടെ ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ജനവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ നിലപാട് ബഹു. സുപ്രീം കോടതിയെ ബോധ്യപ്പെടുത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ